# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1496 03.05.2017- ൽ മറുപടിയ്ക്ക്

## സാന്ത്വനം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ജയിംസ് മാത്യു<br>ശ്രീ. വി. അബ്ദു റഹിമാൻ<br>ശ്രീ. എൻ. വിജയൻ പിള്ള<br>ശ്രീ. പി.ടി.എ. റഹീം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | പ്രവാസി ജീവിതം അവസാനിപ്പിച്ച് മടങ്ങി എത്തുന്നവരുടെ ക്ഷേമത്തിനായി 'സാന്ത്വനം' പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം നല്കമോ ; | എ) | പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിൽ മടങ്ങി എത്തുന്നവരുടെ ക്ഷേമത്തിനായി 'സാന്ത്വന' എന്ന പേരിൽ സാമ്പത്തിക സഹായ പദ്ധതി 2005 മുതൽ നടപ്പാക്കി യിട്ടുണ്ട്. |
| ബി) | ഏതെല്ലാം കാര്യങ്ങൾക്കാണ് പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം നല്കിവരുന്നതെന്നും ഇത് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ; | ബി) | നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സാന്ത്വന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.<br>പ്രവാസി മലയാളികളുടെ/ കുടുംബാംഗങ്ങളുടെ ചികിത്സയ്ക്ക് പരമാവധി 50,000/- രൂപ വരെയും മരണപ്പെട്ട പ്രവാസിയുടെ കുടുംബത്തിന് മരണാനന്തര ധനസഹായമായി പരമാവധി 1,00,000/- രൂപവരെയും അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനായി പരമാവധി 15,000/- വരെയും പ്രവാസിയുടെ കുടുംബാഗങ്ങൾക്ക് വീൽ ചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനായി പരമാവധി 10,000/- രൂപ വരെയും ഒറ്റത്തവണയായി ധനസഹായം നല്കി വരുന്നുണ്ട്.<br>ഈ പദ്ധതി പ്രകാരം ധനസഹായം |

ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

- അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം 1,00,000/- രൂപയിലധികമാകാൻ പാടില്ല.
- കുറഞ്ഞത് രണ്ട് വർഷം പ്രവാസി ആയിരുന്നിരിക്കണം.
- പ്രവാസി തിരിച്ചെത്തിയ കാലംമുതൽ കണക്കാക്കുമ്പോൾ വിദേശത്ത് എത്ര വർഷം ജോലി ചെയ്തിരുന്നുവോ അത്രയും വർഷത്തിനകം (പരമാവധി 10വർഷം) എന്ന കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിച്ചിരിക്കണം.
- അപേക്ഷ സമർപ്പിക്കുമ്പോഴും സഹായം സ്വീകരിക്കുമ്പോഴും അപേക്ഷകന് ജോലിയുണ്ടായിരിക്കാൻ പാടില്ല.

| | | | |
|---|---|---|---|
| സി) | മരണമടഞ്ഞ പ്രവാസികളുടെ കുടുംബാംഗങ്ങൾക്ക് മരണാനന്തര നഷ്ടപരിഹാരം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര തുകയെന്ന് വ്യക്തമാക്കുമോ ? | സി) | ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>സാന്ത്വന പദ്ധതി പ്രകാരം മരണാനന്തര ധനസഹായമായി പരമാവധി 1,00,000/- രൂപ വരെ നല്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ